**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390</u>** **<u>15-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സ്കൂൾ ബസ്സുകളുടെ നടത്തിപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശ ഫണ്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് വാങ്ങുന്ന സ്കൂൾ ബസ്സുകളുടെ നടത്തിപ്പ് പൊതുവിദ്യാലയങ്ങൾക്ക് ബാധ്യതയാകുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സർക്കാർ സ്കൂളുകളിൽ സ്കൂൾ അധികൃതരുടേയും, പി.ടി.എ യുടെയും ആവശ്യപ്രകാരം എം.എൽ.എ, എം.പി എന്നിവരുടെ ആസ്തി വികസന ഫണ്ടിൽനിന്നാണ് നിലവിൽ സ്കൂൾബസ് അനുവദിക്കുന്നത്. കുട്ടികളിൽനിന്ന് തുക ശേഖരിച്ചും പി.ടി.എ ഫണ്ട് ഉപയോഗപ്പെടുത്തിയുമാണ് നടത്തിപ്പ് ചെലവ് സ്കൂളുകളിൽ കണ്ടെത്തുന്നത്. കുട്ടികൾ കുറവുള്ള ചില സ്കൂളുകളിൽ നിലവിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. |
| (ബി) | ഇത്തരം ആവർത്തന പരിപാലന ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റ് മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്കൂൾ ബസ് ആവർത്തന പരിപാലന ചെലവുകൾക്കായി നിലവിൽ ഫണ്ട് വിദ്യാഭ്യാസ വകുപ്പിൽ നീക്കിവച്ചിട്ടില്ല. |
| (സി) | പൊതുവിദ്യാലയങ്ങളിലെ സ്കൂൾ ബസ്സുകളുടെ നടത്തിപ്പിനും പരിപാലനത്തിനും ധനസമാഹരണത്തിനുമായി സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ് അനുവദിച്ചുകൊണ്ടുള്ള അതാത് ജില്ലാ കളക്ടർമാരുടെ ഉത്തരവുകളിൽ സ്കൂൾ ബസ് ഡ്രൈവറുടെ വേതനം, ഇന്ധന ചെലവുകൾ, മെയിന്റനൻസ്, ഇൻഷ്വറൻസ് തുടങ്ങിയ ആവർത്തന ചെലവുകൾ സ്കൂൾ പി.ടി.എ കമ്മിറ്റി വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധനസമാഹരണത്തിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ